ധനകാര്യമന്ത്രി : (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി) ഒന്നും നൽകിയിട്ടില്ല.

ശ്രീ. എൻ. ഇ. ബലറാം : എന്തുകൊണ്ടാണ് ഇത് സൊസൈറ്റികൾക്ക് കടം കൊടുക്കാത്തത്?

ശ്രീ. സി. അച്യുതമേനോൻ : അതിനുള്ള രൂപരേഖ ഉണ്ടാക്കാത്തതുകൊണ്ടാണ്; മാർച്ച് 17-നാണ് ഇത് ഫൈനലൈസ് ചെയ്തത്. അതിനു ശേഷം എല്ലാ സൊസൈറ്റികളിലും നിന്നു വന്നിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഇ. ബലറാം : അങ്ങനെയെത്ര സൊസൈറ്റികളുണ്ട്?

ശ്രീ. സി. അച്യുതമേനോൻ : 59.

പ്രൈമറി ഹെൽത്ത് സെന്ററുകൾ.

* 1697. [13] ശ്രീ. എൻ. ശിവൻ പിള്ള : താഴെ കാണുന്ന ചോദ്യം അക്കം ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രൈമറി ഹെൽത്ത്സെന്ററുകൾ ഉണ്ട്, എവിടെയെല്ലാം ;

(ബി) ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണോ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നത് ;

(സി) എറണാകുളം ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റി വരാപ്പുഴയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി : (ഡാക്ടർ. ഏ. ആർ. മേനോൻ)

(എ) 67. അവയുടെ †ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) അതേ.

(സി) ഇല്ല.

ശ്രീ. എൻ. ശിവൻ പിള്ള : വരാപ്പുഴയിൽ ഒരു ഹെൽത്ത് സെന്റർ അനുവദിക്കുകയാണെങ്കിൽ അതിനു് ആവശ്യമുള്ള സ്ഥലവും 15,000 രൂപയും ഗവണ്മെന്റിലേക്കു് നൽകിക്കൊള്ളാമെന്നു അവിടത്തെ പഞ്ചായത്ത് കമ്മിറ്റി ഗവണ്മെന്റിലേക്കു് അയച്ചിട്ടുള്ള നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ : ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ഉണ്ടായിരിക്കാം.

'ദി സ്റ്റേറ്റ് അസ്സിറേഷൻ ഇൻ കേരള' എന്ന ലഘുഗ്രന്ഥം.

* 1698. [14] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യം അക്കം പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ''ദി സ്റ്റേറ്റ് അസ്സിറേഷൻ ഇൻ കേരള'' എന്ന ലഘുഗ്രന്ഥത്തിന്റെ എത്ര പ്രതികൾ അടിച്ചിട്ടുണ്ട് ;

(ബി) അതു് ഡെൽഹിയിലെ ന്യൂ ഏജ് പ്രിന്റിംഗ് പ്രസ്സിൽ അച്ചടിപ്പിക്കുവാൻ കാരണമെന്തു് ; അച്ചടിക്കുന്നതിനു് എത്ര് ചെലവായി ;

† Please see Appendix I

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

[*Please see answer to question No. (13)*]

സംസ്ഥാനത്തുള്ള പ്രൈമറി ഹെൽത്ത് സെൻറുകളുടെ ലിസ്റ്റ് :—

തിരുവനന്തപുരം ജില്ല.

1 വെൺപകൽ
2 പെരുങ്കടവിള
3 വിഴിഞ്ഞം
4 പുല്ലുവിള
5 പാലോട്
6 കല്ലറ
7 വാമനപുരം
8 കന്യാകുളങ്ങര
9 അഞ്ചുതെങ്ങ്
10 മെഡിക്കൽകോളേജ് യൂണിറ്റ്, ചെറുവയ്ക്കൽ
11 പുല്ലംപാറ

കൊല്ലം ജില്ല.

1 കുളക്കട
2 വെളിയനല്ലൂർ
3 മയ്യനാട്
4 ചവറ
5 കൊട്ടാരക്കര
6 പത്തനാപുരം

ആലപ്പുഴ ജില്ല.

1 പുളിംകുന്ന്
2 മാന്നാർ
3 മുഹമ്മ
4 അരൂക്കുറ്റി
5 പെരുമ്പളം
6 ചേർത്തല
7 എഴുപുന്ന
8 ചേമ്പുമൺ
9 ചെട്ടിക്കാട്
10 കുത്തിയതോട്
11 കായംകുളം

കോട്ടയം ജില്ല.

1 ഉഴവൂർ
2 തലയോലപ്പറമ്പ്
3 പൈക
4 കുറവിലങ്ങാട്
5 പൂത്തോട

എറണാകുളം ജില്ല.

1 രാമമംഗലം
2 പിറവം
3 കുത്താട്ടുകുളം
4 കുമ്പളങ്ങി
5 അങ്കമാലി
6 മറ്റത്തൂർ
7 പാണ്ടപ്പിള്ളി
8 കാലടി
9 എടപ്പള്ളി
10 ഞാറയ്ക്കൽ
11 കീഴ്മാട്

തൃശ്ശൂർ ജില്ല.

1 പഴയന്നൂർ

പാലക്കാട് ജില്ല.

1 കൊടുമായൂർ
2 കൊയൽമന്ന
3 വടക്കൻചേരി
4 എലപ്പുള്ളി
5 കൊഴിഞ്ഞാട്
6 വടവന്നൂർ
7 കൊപ്പം (വിളയൂർ)

കോഴിക്കോട് ജില്ല.

1 കുറ്റിയാടി
2 വളയം
3 ചെറുവായൂർ
4 ബാലുശ്ശേരി
5 കൊണ്ടോട്ടി
6 വണ്ടൂർ
7 നാദാപുരം

കണ്ണൂർ ജില്ല.

1 പാപ്പിനിശ്ശേരി
2 പിണറായി
3 കുമ്പള
4 നീലേശ്വരം
5 പഴയങ്ങാടി
6 പാനൂർ
7 മെയ്യിൽ
8 ഇരിട്ടി

തുടരും 67 (അറുപത്തിയേഴ്)

LIBRARY ARCHIVES Kerala Legislative Assembly